പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1234 — 31.10.2019-ൽ മറുപടിക്ക്

**<u>പോങ്ങുംമൂട് പുന്നാവൂർ പാലത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ</u>**

| **<u>ചോദ്യം</u>**<br><br>**ശ്രീ.ഐ.ബി. സതീഷ്** | **<u>മറുപടി</u>**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) കാട്ടാക്കട മണ്ഡലത്തിലെ പോങ്ങുംമൂട് പുന്നാവൂർ പാലത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി അറിയിക്കാമോ;<br><br>(ബി) ആയതിന്റെ തുടർനടപടികളെക്കുറിച്ചും നിർമ്മാണം എന്നാരംഭിക്കാനാകുമെന്നും വിശദമാക്കാമോ? | (എ) & (ബി) കാട്ടാക്കട നിയോജക മണ്ഡലത്തിലെ പോങ്ങുംമൂട് പുന്നാവൂർ പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 410 ലക്ഷം രൂപയുടെ ഭരണാനുമതിയും. 283 ലക്ഷം രൂപയുടെ സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. ടി നിർമ്മാണ പ്രവൃത്തിക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുതിയ എൽ.എ ആക്ട് പ്രകാരം നടന്നു വരുന്നു. ഇതിന്റെ ഭാഗമായി SIA പഠനം പൂർത്തീകരിക്കുകയും Expert Committee രൂപീകരിക്കുകയും ചെയ്തു. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ